## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1896 | 14.08.2017 ൽ മറുപടിക്ക്

## തിരുവനന്തപുരം ജില്ലാ ആശുപത്രിയുടെ ട്രൈബൽ ഫണ്ടിന്റെ വിനിയോഗം

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആദിവാസി വിഭാഗത്തിൽപെട്ട രോഗികളുടെ ചികിത്സയ്ക്കുവേണ്ടി തിരുവനന്തപുരം ജില്ലാ ആശുപത്രിയുടെ ട്രൈബൽ ഫണ്ടിൽ നിന്നും 2016-17 സാമ്പത്തിക വർഷം എന്തു തുക വകയിരുത്തി ; അതിൽ എത്ര തുക ചെലവായി; വിശദമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലാ ആശുപത്രിയുടെ ട്രൈബൽ ഫണ്ടിൽ നിന്നും ചെലവായ തുകയുടെ വിശദാംശങ്ങൾ.<br><br>2016-17 സാമ്പത്തിക വർഷത്തെ മുൻ നീക്കിയിരിപ്പ്- : 11,93,764/-<br>2016-17 ൽ ലഭിച്ച തുക : 5,00,000/-<br>ആകെ : 16,93,764/-<br>കീഴ് സ്ഥാപനങ്ങളിലേക്ക് അനുവദിച്ച തുക : 12,25,000/- |
| (ബി) | ആദിവാസി മേഖലയിൽ പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ അമിതമായ ഉപയോഗം മൂലം ഉണ്ടാകുന്ന അസുഖങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ അവയെക്കുറിച്ച് വിശദമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ എല്ലാ മാസവും ജില്ലാ പ്രാരംഭ അർബുദ നിർണ്ണയ ടീമിന്റെ നേതൃത്വത്തിൽ 2016-17 ൽ അർബുദ നിർണ്ണയ ക്യാമ്പ് നടത്തുകയുണ്ടായി. 2017-18 ലും അർബുദ നിർണ്ണയ ക്യാമ്പ് നടത്തി വരുന്നു. അമ്പൂരി, നന്ദിയോട്, കോട്ടൂർ(കുറ്റിച്ചൽ) കല്ലറ എന്നിവിടങ്ങളിൽ ക്യാമ്പ് നടന്നു. 5 വയസ്സ് മുതൽ പുകയില ഉപയോഗം നടത്തി വരുന്ന കുട്ടികളെയും മുതിർന്നവരെയും കണ്ടു പ്രാരംഭ ദശയിലുള്ള അർബുദ രോഗ നിർണ്ണയം നടത്താനിടയായി. കുറ്റിച്ചൽ മേഖലയിൽ മുമ്പ് കണ്ടുപിടിച്ച ഒരു അർബുദ രോഗി തുടർ നിരീക്ഷണത്തിലാണ്. അർബുദ രോഗ സാധ്യതയുള്ള 25 ലേറെ രോഗികൾ തുടർ പരിശോധനയിലാണ്. വീര്യം കൂടിയ "ചുക്ക" എന്ന പേരിലുള്ള പുകയില തണ്ടാണ് ഇവർ ഉപയോഗിക്കുന്നത്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലം ഗുരുതരമായ രോഗങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ